## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1286** **10-10-2024 - ൽ മറുപടിയ്ക്ക്**

## മലയോര ഹൈവേ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിലെ മലയോര ഹൈവേ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; കാസർഗോഡ് ജില്ലയിൽ ഇനിയും എത്ര കിലോമീറ്റർ റോഡ് പ്രവൃത്തി പൂർത്തീകരിക്കാനുണ്ടെന്നും ഇതിനുള്ള തടസ്സം എന്താണെന്നും അറിയിക്കാമോ? | (എ) | മലയോരപാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. ഓരോ റീച്ചിനും കൃത്യമായ പൂർത്തീകരണ ലക്ഷ്യത്തോടെയാണ് പ്രവൃത്തി പുരോഗമിക്കുന്നത്. ഫ്രീ സറണ്ടർ അടിസ്ഥാനത്തിൽ ഭൂമി വിട്ടുകിട്ടുന്ന ഇടങ്ങളിൽ പ്രവൃത്തി പുരോഗമിക്കുകയാണ് ചെയ്യുന്നത്.<br><br>കാസർഗോഡ് ജില്ലയിലെ മലയോരപാതയുടെ ആകെ നീളം 128.240 കിലോമീറ്ററാണ്. 4 റീച്ചുകളിലായി ആണ് കാസർഗോഡ് ജില്ലയിൽ മലയോരപാതയുടെ നിർമ്മാണം വിഭാവനം ചെയ്തിട്ടുള്ളത്. ആയതിന്റെ വിവരങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | പ്രവൃത്തി | ആകെ നീളം | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | നന്ദാരപ്പടവ്-ചേവാർ | 23.00 കി.മീ | പ്രവൃത്തി പൂർത്തീകരിച്ചു |
| 2 | ചേവാർ-എടപ്പറമ്പ | 28 കി.മീ | പ്രവൃത്തി പുരോഗമിച്ചു വരുന്നു. |
| 3 | എടപ്പറമ്പ-കോളിച്ചാൽ | 24.40 കി.മീ | 21 കിലോ മീറ്റർ പ്രവൃത്തി പൂർത്തിയാക്കി കരാർ അവസാനിപ്പിച്ചു. ബാക്കിയുള്ള 3 കിലോ മീറ്റർ വനഭാഗമാണ് നടപ്പാക്കേണ്ടത്. വനഭൂമിയുടെ ഒന്നാംഘട്ട അംഗീകാരത്തിനായി പുതിയ നഷ്ടപരിഹാര വനവൽക്കരണ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| 4 | കോളിച്ചാൽ-ചെറുപുഴ | 28.79 കി.മീ | വനഭൂമി ഒഴികെയുള്ള ഭാഗങ്ങളിലെ പ്രവൃത്തി 92% പൂർത്തീകരിച്ചു. വനഭൂമിയിൽ ഉൾപ്പെട്ട 3.5 കി.മീ പ്രസ്തുത പദ്ധതിയിൽ നിന്ന് ഒഴിവാക്കി മറ്റൊരു പദ്ധതിയായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ